**ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകൾ**

| | | |
|---|---|---|
| 1 | തിരുവനന്തപുരം | : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാപഞ്ചായത്ത് ഓഫീസ്, പട്ടം പി.ഒ., തിരുവനന്തപുരം 4. ഫോൺ:0471 2556740 |
| 2 | കൊല്ലം | : ജില്ലാ സാക്ഷരതാമിഷൻ, തേവള്ളി പി.ഒ., കൊല്ലം 9. ഫോൺ : 0474 2798020 |
| 3 | പത്തനംതിട്ട | : ജില്ലാ സാക്ഷരതാമിഷൻ, സിവിൽസ്റ്റേഷൻ, പത്തനംതിട്ട. ഫോൺ : 0468 2220799 |
| 4 | ആലപ്പുഴ | : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, കളക്ട്രേറ്റ്, ആലപ്പുഴ-688010. ഫോൺ : 0477 2252095 |
| 5 | കോട്ടയം | : ജില്ലാ സാക്ഷരതാമിഷൻ, വയസ്കരക്കുന്ന്, കോട്ടയം - 686001. ഫോൺ : 0481 2302055 |
| 6 | ഇടുക്കി | : ജില്ലാ സാക്ഷരതാമിഷൻ, കുയിലിമല, പൈനാവ് പി.ഒ., ഇടുക്കി-685603. ഫോൺ : 0486 2232294 |
| 7 | എറണാകുളം | : ജില്ലാ സാക്ഷരതാമിഷൻ, സിവിൽസ്റ്റേഷൻ, കാക്കനാട്, എറണാകുളം-682030. ഫോൺ :0484 2426596 |
| 8 | തൃശൂർ | : ജില്ലാ സാക്ഷരതാമിഷൻ, അയ്യന്തോൾ, തൃശൂർ-3. ഫോൺ : 0487 2365024 |
| 9 | പാലക്കാട് | : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാപഞ്ചായത്ത് ഓഫീസ്, പാലക്കാട്-678001. ഫോൺ : 0491 2505179 |
| 10 | മലപ്പുറം | : ജില്ലാ സാക്ഷരതാമിഷൻ, സാക്ഷരതാ ഭവൻ, മലപ്പുറം - 676 505. ഫോൺ : 0483 2734670 |
| 11 | കോഴിക്കോട് | : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഭവൻ, കോഴിക്കോട് - 20. ഫോൺ : 0495 2370053 |
| 12 | വയനാട് | : ജില്ലാ സാക്ഷരതാമിഷൻ, സിവിൽസ്റ്റേഷൻ, കൽപ്പറ്റ, വയനാട്-673122. ഫോൺ : 04936 202091 |
| 13 | കണ്ണൂർ | : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാപഞ്ചായത്ത് ഓഫീസ്, കണ്ണൂർ-670002. ഫോൺ :04972707699 |
| 14 | കാസർഗോഡ് | : ജില്ലാ സാക്ഷരതാമിഷൻ, വിദ്യാനഗർ പി.ഒ., കാസറഗോഡ്-671123. ഫോൺ : 04994 255507 |


**കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി**

**ടി. സി. 27/1461, കോൺവെന്റ് റോഡ്, കുമ്മട്ടം ലെയ്ൻ**

**വഞ്ചിയൂർ, തിരുവനന്തപുരം – 35**

ഫോൺ നമ്പർ : 0471 2472253/2472254 ഫാക്സ് : 0471 2462252

ഇ-മെയിൽ : stateliteracymission@gmail.com

വെബ്സൈറ്റ് : literacymissionkerala.org


# പത്താംതരം തുല്യതാകോഴ്സ്

# പ്രോസ്പെക്ടസ്

**പതിനാലാം ബാച്ച് (2019 – 20)**


**കേരളസർക്കാർ**

**പൊതുവിദ്യാഭ്യാസ വകുപ്പ്**

**കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി**

**തിരുവനന്തപുരം**

2. പത്താംതരം തുല്യതാകോഴ്സിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതക ളില്ലാതെ രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർക്ക് അപേക്ഷയോടൊപ്പം അടച്ച തുക ഒരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല.

3. ഈ കോഴ്സ് സംബന്ധിച്ച് സംസ്ഥാന സർക്കാരും തുല്യതാപരീക്ഷാ ബോർഡും കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ ഈ കോഴ്സിന് ബാധകമായിരിക്കും.

5. കോഴ്സ്, പരീക്ഷ ഇവ സംബന്ധിച്ചുള്ള നിയമപരമായ തർക്കങ്ങൾ തിരുവനന്തപുരം ജില്ലയിലായിരിക്കും പരിഹരിക്കുന്നത്.

ഡയറക്ടർ

4. വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കാതിരുന്നാൽ

5. എസ്.എസ്.എൽ.സി. ഗ്രേഡ് സിസ്റ്റം പ്രകാരം 2011നുശേഷം പരാജയപ്പെട്ടവർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ

6. പട്ടികജാതി/വർഗ പഠിതാക്കളുടെ അപേക്ഷയോടൊപ്പം തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടുത്താതിരുന്നാൽ

## IX **പഠനസാമഗ്രികൾ**

സംസ്ഥാന സാക്ഷരതാമിഷന്റെ ജില്ലാ ഓഫീസുകളിൽനിന്ന് പാഠ പുസ്തകങ്ങൾ, അധ്യാപകസഹായികൾ എന്നിവ കോഴ്സ് ആരംഭിക്കുമ്പോൾ വിതരണം ചെയ്യുന്നതാണ്.

## X **സമ്പർക്കപഠനക്ലാസുകൾ**

പത്താംതരം തുല്യതാ പഠിതാക്കൾക്കായി സമ്പർക്ക പഠനക്ലാസുകൾ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ നടത്തുന്നതാണ്. എല്ലാ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലുമാണ് ക്ലാസുകൾ നടത്തുന്നത്. ക്ലാസിന്റെ സുഗമമായ നടത്തിപ്പിനുള്ള ചുമതല ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർ, കോഴ്സ് കൺവീനർമാർ, സെന്റർ കോർഡിനേറ്റർമാർ എന്നിവർക്കാണ്.

## XI **പരീക്ഷ**

കേരള സംസ്ഥാന പൊതുപരീക്ഷാ ബോർഡാണ് പരീക്ഷ നടത്തുന്നത്. പൊതുപരീക്ഷയുടെയും നിരന്തര വിലയിരുത്തൽ സ്കോറും ഉൾപ്പെടുത്തി ഗ്രേഡിങ് സമ്പ്രദായത്തിലാണ് ഫലം പ്രഖ്യാപിക്കുന്നത്. പഠിതാക്കളുടെ എണ്ണമനുസരിച്ച് പരീക്ഷാകേന്ദ്രങ്ങൾ അതത് ജില്ലകളിൽ നിർണയിക്കുന്നതാണ്.

## XII **നിബന്ധനകൾ**

1. **പത്താംതരം തുല്യതാകോഴ്സ്/പരീക്ഷാ വ്യവസ്ഥകളും മാർഗ നിർദേശങ്ങളും സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ ഇടവരുന്നപക്ഷം ഇക്കാര്യത്തിൽ തുല്യതാ ബോർഡിന്റെയും പൊതുപരീക്ഷാബോർഡിന്റെയും തീരുമാനം അന്തിമമായിരിക്കും.**



## **ആമുഖം**

കേരള സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി. ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെ പോയവർക്കും അപൂർണമായി പഠനം നിർത്തേണ്ടിവന്നവർക്കും തുടർപഠനത്തിന് അവസരം നൽകുന്ന പഠനപരിപാടിയാണ് സാക്ഷരതാമിഷൻ നടത്തുന്ന തുല്യതാകോഴ്സുകൾ. ഔപചാരിക നാല്, ഏഴ് ക്ലാസുകൾക്ക് തുല്യമായ കോഴ്സുകൾ നടത്തി സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകുന്ന പ്രവർത്തനം സാക്ഷരതാമിഷൻ 2000 മുതൽ നടത്തിവരുന്നു. തുല്യതാകോഴ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 2006 ൽ തുടക്കം കുറിച്ച പത്താംതരം തുല്യതാകോഴ്സ്. ഔപചാരിക ഏഴാം ക്ലാസോ, തുല്യത ഏഴാം ക്ലാസോ പാസായിട്ടുള്ള 17 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പത്താംതരം തുല്യതാകോഴ്സിന് ചേരാൻ യോഗ്യതയുണ്ട്. പത്താംതരം തുല്യതാകോഴ്സ് പാസാകുന്നവർക്ക് എസ്.എസ്.എൽ.സി. പാസായവരെ പോലെ ഉപരിപഠനത്തിനും പി.എസ്.സി.യുടെ നിയമനത്തിനും പ്രൊമോഷനും അർഹതയുണ്ടായിരിക്കും. മലയാളം മാധ്യമത്തിൽ ആരംഭിച്ച ഈ കോഴ്സ് കന്നഡ, തമിഴ് മീഡിയത്തിലും ലക്ഷദ്വീപിലും ഗൾഫ് രാജ്യങ്ങളിലും ആരംഭിച്ചിട്ടുണ്ട്.

09.03.2004 ലെ G.O (MS) 78/2004/G.Edn, 25.05.2010 ലെ G.O (MS) 87/10 പൊ.വി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പത്താംതരം തുല്യതാകോഴ്സിന്റെ നടത്തിപ്പിനുള്ള ചുമതല സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്കും പരീക്ഷ, മൂല്യനിർണയം, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയുടെ ചുമതല സംസ്ഥാന പൊതുപരീക്ഷാബോർഡിനുമാണ്.

## I **കോഴ്സിന്റെ കാലയളവ്** : 10 മാസം

## II **പാഠ്യപദ്ധതി**

ഔപചാരികവിദ്യാഭ്യാസത്തിലെ എസ്.എസ്.എൽ.സിക്കുള്ള എല്ലാ വിഷയങ്ങളും പത്താംതരം തുല്യതാ കോഴ്സിനുമുണ്ടായിരിക്കും. എസ്.എസ്.എൽ.സി പാഠ്യപദ്ധതിയോട് തുല്യത അവകാശപ്പെടാവുന്ന രീതിയിലാണ് പത്താംതരം തുല്യതാ കോഴ്സിന്റെ പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്.

## III രജിസ്ട്രേഷൻ കാലാവധി : 2019 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെയാണ്.

## IV കോഴ്സിൽ ചേരുന്നതിനുള്ള യോഗ്യതകൾ

1. പ്രായം : രജിസ്ട്രേഷൻ സമയത്ത് 17 വയസ്സ് പൂർത്തിയായിരിക്കണം.
2. ഔപചാരികതലത്തിലുള്ള ഏഴാം ക്ലാസ് വിജയിച്ചവർ.
3. സംസ്ഥാന സാക്ഷരതാമിഷൻ നടത്തുന്ന ഏഴാംതരം തുല്യതാപരീക്ഷ വിജയിച്ചവർ.
4. ഔപചാരികതലത്തിലുള്ള എട്ടാം ക്ലാസിനും പത്താംക്ലാസിനും ഇടയിൽ പഠനം നിർത്തിയവർ.
5. എസ്.എസ്.എൽ.സി. പരാജയപ്പെട്ടവർ (2011 വർഷം വരെ)

## V അപേക്ഷിക്കേണ്ട രീതി

- അപേക്ഷാഫോറം, പ്രോസ്പെക്ടസ്, ചെലാൻ എന്നിവ സംസ്ഥാന സാക്ഷരതാമിഷന്റെ www.literacymissionkerala.org എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. കോഴ്സ് ഫീസിനോടൊപ്പം രജിസ്ട്രേഷൻ ഫീസായ 100 രൂപ ചെലാൻ മുഖേന ബാങ്കിൽ അടയ്ക്കേണ്ടതാണ്.
- എസ്.സി., എസ്.ടി. വിഭാഗം പഠിതാക്കൾക്ക് ഫീസ് ആനുകൂല്യം ഉണ്ടായിരിക്കുന്നതാണ്.
- പത്താംതരം തുല്യതാ കോഴ്സ് ഫീസ് 1750/- രൂപയും രജിസ്ട്രേഷൻ ഫീസ് 100/- രൂപയും ഉൾപ്പെടെ 1850/- രൂപയാണ്.

## VI കോഴ്സ് ഫീസ് – രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ട രീതി

**രജിസ്ട്രേഷൻ ഫീസ് നിർബന്ധമായും കോഴ്സ് ഫീസിനോടൊപ്പം ചെലാൻ മുഖേന അടയ്ക്കേണ്ടതാണ്. അല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ചെലാൻ www.literacymissionkerala.org എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ചെലാൻ പൂരിപ്പിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ശാഖകളിൽ പണമടയ്ക്കാവുന്നതാണ്. പണമടയ്ക്കുമ്പോൾ ബാങ്കിൽനിന്ന് ലഭിക്കുന്ന ചെലാനിൽ 'KSLMA Copy' എന്നെഴുതിയ ചെലാന്റെ ഭാഗം അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.**



**40ശതമാനമോ അതിലധികമോ അംഗവൈകല്യമുള്ളവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫീസ് സൗജന്യമായിരിക്കും.**

## VII നിർദേശങ്ങൾ

**അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം ചുവടെ കൊടുത്തിരിക്കുന്ന രേഖകൾ ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.**

1. ഫീസ് അടച്ച ചെലാൻ
2. ജനനതീയതി തെളിയിക്കുന്നതിന് പഠിച്ചിരുന്ന വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്ററിന്റെ / ടി.സി/ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റ് / എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് എന്നിവയിലേതിന്റെയെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.
3. പട്ടികജാതി/വർഗ പഠിതാക്കൾക്ക് ഫീസ് സൗജന്യമുള്ളതിനാൽ ജാതി തെളിയിക്കുന്നതിനായി തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4. വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖയുടെ പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.
5. അപേക്ഷയിൽ പതിക്കുന്ന ഫോട്ടോ നിശ്ചിത അളവിലുള്ളതായിരിക്കണം.
6. 'Private over aged Candidates' അപേക്ഷയോടൊപ്പം ഏഴാം ക്ലാസ് പാസായ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.
7. പത്താംതരം തുല്യതാകോഴ്സിന് താങ്കൾ തെരഞ്ഞെടുക്കുന്ന മീഡിയം (മലയാളം/കന്നഡ/തമിഴ്) ഏതാണെന്ന് അപേക്ഷാഫോറത്തിൽ (✓) അടയാളം ചെയ്യേണ്ടതാണ്.

## VIII അപേക്ഷകൾ നിരസിക്കപ്പെടാവുന്ന സാഹചര്യങ്ങൾ

1. അപേക്ഷ അവ്യക്തവും അപൂർണവുമായാൽ.
2. നിശ്ചിത ഫീസ് തുക അടച്ച ചെലാൻ ഇല്ലാതിരുന്നാൽ.
3. ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കാതിരുന്നാൽ.